പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2721 — 14.02.2013-ൽ മറുപടിയ്ക്ക്

## ജല ഡാമുകളുടെ നവീകരണവും പുതിയ ഡാം നിർമ്മാണവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലവിഭവ വകുപ്പിന് കീഴിൽ നിലവിൽ എത്ര ഡാമുകളുണ്ട്; അവ ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിൽ ഇരുപത് അണക്കെട്ടുകൾ/ബാരേജ്/റഗുലേറ്ററുകൾ ഉണ്ട്. അവ ജില്ലതിരിച്ച് താഴെ ചേർക്കുന്നു.<br><br>അണക്കെട്ട്/ബാരേജ്/റെഗുലേറ്ററിന്റെ പേര് — ജില്ല<br>1. കുറ്റ്യാടി - കോഴിക്കോട്<br>2. പഴശ്ശി ബാരേജ് - കണ്ണൂർ<br>3. ശിരുവാണി, മലമ്പുഴ, വാളയാർ, മീൻകര, കാഞ്ഞിരപ്പുഴ, മംഗലം ചുള്ളിയാർ, പോത്തുണ്ടി എന്നീ അണക്കെട്ടുകളും മൂലത്തറ റഗുലേറ്ററും - പാലക്കാട്<br>4. മലങ്കര - ഇടുക്കി<br>5. കല്ലട - കൊല്ലം<br>6. പമ്പ ബാരേജ് - പത്തനംതിട്ട<br>7. നെയ്യാർ - തിരുവനന്തപുരം<br>8. കാരപ്പുഴ - വയനാട്<br>9. പെരിയാർവാലി - എറണാകുളം<br>10. പീച്ചി, വാഴാനി, ചിമ്മിനി - തൃശൂർ<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ പേപ്പാറ, അരുവിക്കര എന്നീ രണ്ടു ഡാമുകൾ ഉണ്ട്. |

| | | |
|---|---|---|
| ബി) പ്രസ്തുത ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റ പണികൾക്കും ലോക ബാങ്ക് സഹായത്തോടെയുള്ള ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന് (ഡ്രിപ്) എത്ര തുകയുടെ ഭരണാനുമതി നൽകി; വിശദമാക്കുമോ; | (ബി) | ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റ പണികൾക്കും ലോകബാങ്ക് സഹായത്തോടെയുള്ള ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്) പദ്ധതിയിൽ ഉൾപ്പെടുത്തി 158 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കുകയുണ്ടായോ; എത്ര വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ; | (സി) | ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന 'ഡ്രിപ്' പദ്ധതി 18.04.12-ൽ നിലവിൽ വന്നു. ഈ പദ്ധതി ആറ് വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) കനത്ത വേനൽ മൂലം സംസ്ഥാനത്ത് ഉണ്ടായ ജലലഭ്യതയുടെ കുറവ് പരിഹരിക്കുവാൻ കാലവർഷവും തുലാവർഷവും മുഖേന ലഭിക്കുന്ന ജലം പരമാവധി പ്രയോജനപ്പെടുത്തുവാൻ പുതിയ ഡാം കെട്ടുന്നതുൾപ്പെടെയുള്ള എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**